**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2651** **04-03-2025 - ൽ മറുപടിയ്ക്ക്**

**വലിയകുന്ന് 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ വൈദ്യുതി ആവശ്യം പൂർണ്ണമായും നിറവേറ്റുന്നതിനായി പ്രസരണ വിഭാഗം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും വിശദമാക്കുമോ; പദ്ധതികൾ എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിലെ വൈദ്യുതി ആവശ്യം നിറവേറ്റുന്നതിനായി പ്രസരണ വിഭാഗം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:<br><br>1. RDSS വൈരങ്കോട്–കൽപകഞ്ചേരി 9.5 കി.മീ 33 കെ.വി ലൈൻ കവേഡ് കണ്ടക്ടർ ഉപയോഗിച്ച് റീ കണ്ടക്ടറിംങ്ങ് ചെയ്യുന്ന പ്രവൃത്തി 31.03.2025-ന് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>2. കാടാമ്പുഴ 110 കെ.വി സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനിന്റേയും നിർമ്മാണം - ലൈനിന്റെ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. സബ്സ്റ്റേഷൻ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. 30.09.2025-ന് കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.<br><br>3. എടയൂർ 110 കെ.വി സബ്സ്റ്റേഷൻ - അനുകൂല സാങ്കേതിക പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തി സൗജന്യമായി കൈമാറ്റം ചെയ്യാമെന്നേറ്റ സ്ഥലം കൈമാറ്റം ചെയ്തു കിട്ടിയാൽ ഒരു വർഷത്തിനുള്ളിൽ സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>4. വലിയകുന്ന് 33 കെ.വി സബ്സ്റ്റേഷൻ - എടയൂർ 110 കെ വി സബ്സ്റ്റേഷനിൽ നിന്നുമാണ് വലിയകുന്ന് സബ്സ്റ്റേഷനിലേക്ക് 33 കെ വി ലൈൻ വിഭാവനം ചെയ്യുന്നത്. ഏകദേശം 8 കി.മീ 33 കെ.വി ലൈൻ നിർമ്മാണവും നടത്തേണ്ടതുണ്ട്. വലിയകുന്ന് 33 കെ.വി സബ്സ്റ്റേഷനു വേണ്ടിയുള്ള സ്ഥല ലഭ്യതയ്ക്കുള്ള അന്വേഷണവും കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ ഭാഗത്തുനിന്ന് നടത്തിവരുന്നു. |

| | | | |
|---|---|---|---|
| | | | 5. ഇൻകൽ 33 കെ.വി സബ്സ്റ്റേഷനിൽ നിന്നും ഒതുക്കുങ്ങൽ 33 കെ.വി സബ്സ്റ്റേഷനിലേക്കുള്ള ലൈൻ നിർമ്മാണം-ഈ വർഷാവസാനത്തോടു കൂടി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പുതുതായി വിഭാവനം ചെയ്യുന്ന വലിയകുന്ന് 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | 33 കെ.വി വലിയകുന്ന് സബ്സ്റ്റേഷന് വേണ്ടിയിട്ടുള്ള സ്ഥലലഭ്യതയ്ക്കുള്ള അന്വേഷണവും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഭാഗത്തുനിന്ന് നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ